# നെന്മാണിക്യം

(നോവൽ–15)

ജോൺ ഇളമത

കോലോത്തെ രാജായാണ് അന്തോനിയെ ആ വിവരമറിയിച്ചത്.

അറിഞ്ഞോ അന്തോനിമാപ്ലേ, വേലുത്തമ്പിയെ ബ്രിട്ടീഷുകാർ പിടിച്ചു.

ജീവനോടോ?

തമ്പിയെ അങ്ങനെ കിട്ടില്ല. ഒരു സായ്പിനും. ഒരു ചതിപറ്റിയതാ. ഒളിവി താമസിച്ചതാ ചേന്ദമംഗലം പോറ്റീടെ മഠത്തില്. അദ്ദേഹോം അനിയനും കമ്മിപ്പണമില്ലാതെ വന്നപ്പം തമ്പി, പോറ്റീടെ ദാസനെ അടൂർക്കയച്ചതാ, വെള്ളിക്കരണ്ടി വിക്കാൻ. സൂത്രത്തി വെള്ളക്കാരവനെ പിടികൂടി, സത്യം പറയിച്ചു. ബ്രിട്ടീഷ് പട മഠം വളഞ്ഞു. ഗത്യന്തരമില്ലാണ്ട് തമ്പി ആത്മഹത്യ ചെയ്തു. എന്തൊരു ധീരൻ! ദേശാഭിമാനി! തിരുവിതാംകൂറ് കിടുങ്ങിപ്പോയി.



അന്തോനി പറഞ്ഞു:

ബ്രിട്ടീഷിനെ ജയിക്കാൻ ആർക്കാ കഴിവ്? ഒരിടത്ത് സൂര്യൻ അസ്തമിക്കുമ്പോ, മറ്റേടത്ത് സൂര്യൻ ഉദിക്കുംവരെയല്ലോ അവരടെ സാമ്രാജ്യം?

എന്തായാലും തിരുവിതാംകൂറ് വെള്ളക്കാരന്റെ കാൽക്കീഴിലായി. കൊച്ചീന്ന് പാലയത്തച്ചനാണ് തൊടങ്ങിവെച്ചത്. പിന്നെ വേലുത്തമ്പീം കൂടി. റസിഡന്റ് മെക്കാളെധ്വരയെ കൊല്ലാനായിരുന്നു തന്ത്രങ്ങൾ. പക്ഷേ ധ്വര സൂത്രത്തി ആരണ്ടടെ അറേലൊളിച്ചു രക്ഷപ്പെട്ടു.

പിന്നെ കണ്ടറേലെ നായർ മാടമ്പി കടയാറ്റുണ്ണിത്താൻ എന്നൊരു മഹാമാന്ത്രികന്റെ പിമ്പെലത്തിലായിരുന്നു തമ്പീടെ കുതിപ്പ്. അന്തോനിച്ചൻ കേട്ടിട്ടൊണ്ടോ അദ്ദേഹത്തെ?

ഇല്ല. എന്നാ കേട്ടോളൂ.

ധർമ്മരാജാവിന്റെ കാലത്ത് കർണ്ണാട്ടിക് നവാബിന്റെ ഒരാശ്രിതൻ. മാമ്മതാലിഖാൻ എന്നൊരു മാന്ത്രികൻ തിരുവനന്തോരത്ത് എത്തി.

കേട്ടോ, പൊന്നുതമ്പുരാൻ പത്മനാഭസ്വാമിക്ഷേത്രത്തിന്ന് തിരിച്ചെഴുന്നള്ളത്തിന്റെ സമേത്ത് ആ ആലിഖാൻ ഇരിക്കുന്നത്  എവിടെ?

അന്തോനി കൗതുകത്തോടെ കേട്ടു.

രാജാ തുടർന്നു: പത്മതീർഥക്കുളത്തിന്റെ മിതെ വെള്ളത്തി ഒരു പുല്ലുപായ വിരിച്ച് കുറേ കൗതുകസാധനങ്ങൾ വില്പനയ്ക്കെന്ന മട്ടില്. അതിലൊക്കെ തമാശ, എന്നിട്ട് ആ അഹങ്കാരി പൊന്നുതമ്പുരാനെ വിളിക്കാ തന്റെ സാധനം വന്നു വാങ്ങാൻ.

പൊന്നുതമ്പുരാന്റെ ഒടവാള് മുമ്പി പിടിച്ച് നടന്നോണ്ടിരുന്നത് അന്നത്തെ പടനായകനായ ഈ കടയാറ്റുണ്ണിത്താനായിരുന്നു. ഉണ്ണിത്താനു ദേഷ്യംവന്നു. അയാള് അതിലും വയിയ മാന്ത്രികനായിരുന്നു. ഉണ്ണിത്താൻ മെതിയടി ഇട്ട് ജലപ്പരപ്പിനുമീതെ നടന്നു. അയാളോം ആയാടെ സാധനോം തട്ടി മുക്കി എന്നാ പറഞ്ഞില്.

അന്തോനിക്കെന്തോ വിശ്വാസം വന്നില്ല.

ആർക്കറിയാം. ആരേലും ചമച്ചതായിരിക്കാം ഇക്കഥ.

അല്ലല്ല ഒണ്ടായ സംഭവമാന്നാ പറേന്നേ. അതല്ലേ തമ്പി അയാളെ അമിതമായി വിശ്വസിച്ചത്?

പീരങ്കിളെ നിശ്ശബ്ദമാക്കാനും വെടിയുണ്ടകളെ പൂക്കുറ്റിയാക്കാനും അയാക്കു കഴിവുണ്ടെന്നാരുന്നു തമ്പീടെ പൂർണ്ണവിശ്വാസം. പക്ഷേ, എന്താ പറ്റിയതെന്നറിയാമോ? തമ്പീടെ പട പുറപ്പെടുംമുമ്പ് ഉണ്ണിത്താൻ ആത്മഹത്യചെയ്തു. തമ്പിയെ സഹായിക്കാൻ തക്ക മാന്ത്രികവിദ്യ അയാക്കില്ലായിരുന്നു.

എന്തിന്, വെള്ളക്കാരുടെ പട പൊന്നാനീന്ന് പൊറപ്പെട്ട് ആരുവാ മൊഴി വളഞ്ഞു. പാലയത്തച്ചൻ ആദ്യം കീഴടങ്ങി. തമ്പി പിന്നേം ഒറ്റയ്ക്ക് നായർപടയെ നയിച്ചു. ഒഴുക....ചേരിലും കിളികൊല്ലൂരിലും നായർപടകൾ തോറ്റുതൊപ്പിയിട്ടു. തമ്പി ഒളിച്ചോടി.

ങാ, നല്ല കഥ! അന്തോനി ദീർഘനിശ്വാസം വിട്ടു.

ആയുധം കൈയിലില്ലാത്തവൻ അടരാടുന്നതെങ്ങനെ എന്നല്ലേ പ്രമാണം?

ഇനീം കൊറേക്കാലം ബ്രിട്ടീഷ് ഭരിക്കട്ടെ. അടിമത്തമാണേലും നാടു നന്നാകും.

ഇംഗ്ലീഷ് പള്ളിക്കൂടോം ചികിത്സേം അപ്പോത്തിക്കിരീം ഒക്കെ വരും. നടക്കാൻ റോഡും പാലോം ഉണ്ടാകും. ശീമക്കാരൻ രാജാവിന്റെ തലയുള്ള വെള്ളിരൂപാ വരും. കച്ചോടോം നന്നാകും. കുറേപ്പേർക്ക് ശമേലോട്ടു പോകാംപറ്റും.

കോലോത്തെ രാജായും അന്തോനിയും ഉറ്റമിത്രങ്ങളായിരുന്നു. അവരുടെ ഇടയിൽ ജാതിമതവ്യത്യാസമില്ലായിരുന്നു. അന്തോനി രാജായേയും രാജാ അന്തോനിയേയും ബഹുമാനിച്ചിരുന്നു.

രാജാ പ്രസിദ്ധനായ വിഷ ചികിത്സാ പണ്ഡിതനായിരുന്നു. അന്തോനി മൃഗചിസിത്സാവിദഗ്ധനും. അങ്ങനെയാണ് അവർ തമ്മിലടുത്തത്. ഇരുവർക്കും പരമ്പരാഗതമായി കിട്ടിയ സിദ്ധികളാണ് ഇവ. അതിന് എഴുതികുത്തിയ ഓലക്കരണങ്ങൾ ഉണ്ടായിരുന്നില്ല. മൺമറയുന്നതിനുമുമ്പ് തന്റെ തലമുറകൾ ആ രഹസ്യ ചികിത്സകൾ അടുത്ത തലമുറകളുടെ ചെവികളിലേക്ക് പകർന്നിരുന്നു.

ഒരിക്കൽ രാജായുടെ സിദ്ധി അന്തോനി നേരിൽ കണ്ടു.

കാടു വെട്ടിക്കൊണ്ടിരുന്ന ഒരു ചാന്നാർചെറുക്കനെ വിഷംതീണ്ടി. അവനെ മുളം തണ്ടിൽ വള്ളികൾ പാകി വാഴയില വെട്ടിയിട്ട് കിടത്തിയാണ് ബന്ധുക്കൾ കൊണ്ടുവന്നത്. കറുത്ത നിറമുള്ള അവന്റെ ശരീരം നീലവിഷം വ്യാപിച്ച് കരുവാളിച്ചിരുന്നു.

ഒറ്റനോട്ടത്തിൽ രാജാ പറഞ്ഞു: രാജവെമ്പാലയാണ്. ഒന്നും തീർച്ച പറയാൻ പാടില്ല.

മാളോരേ, രക്ഷിക്കണേ! അവന്റെ തള്ളയും തന്തയും നെഞ്ചത്തടിച്ച് നിലവിളിച്ചു.

രാജാ അകത്തുപോയി പൂജാമുറിയിൽ അല്പനേരം ധ്യാനനിരതനായിരുന്നു. തിരികെ എത്തി. എന്തോ മന്ത്രങ്ങൾ ചൊല്ലി ചെത്തിമിനുക്കിയ ഒരു ഈർക്കിൽ എടുത്തു വളച്ചു.

അതാ മുറ്റത്തുകൂടി ഒരു വലിയ രാജവെമ്പാല ഓടി ഇഴഞ്ഞുവന്ന് പത്തിവിടർത്തി ആടി.

രാജാ ആ ഈർക്കിലിൽ ഊതി. ഈർക്കിൽ രണ്ടായി പിളർന്നു.

രാജവെമ്പാല സാവധാനം ഇഴച്ചുവന്നു ചാന്നാർ ചെറുക്കന്റെ കൊത്തിയ മുറിവിൽനിന്ന് വിഷം ആവാഹിച്ച് സ്വന്തം ശരീരത്തിലേക്ക് തിരികെ കയറ്റി, വന്ന വഴി തിരികെ ഇഴഞ്ഞുപോയി.

അന്തോനി ഉൾപ്പെടെ അനേകം പേർ അമ്പരപ്പോടെ നോക്കിയിരുന്നു.

രാജാ പറഞ്ഞു: ഇതു സർപ്പദോഷമുണ്ടാകുന്ന പ്രയോഗമാണ്. അറ്റകൈയ്ക്ക് ചെയ്തതാണ്. ചെറുക്കന്റെ തന്തേടേം  തള്ളേടേം കണ്ണീരു കണ്ടുനിൽക്കാൻ പ്രയാസം തോന്നിയതുകൊണ്ട്. വിഷം തിരികെ കൊത്തിയെടുത്ത പാമ്പ് സ്വയവിഷബാധയേറ്റ് കാട്ടിലെവിടെയെങ്കിലും ചത്തുവീഴും.

അല്പസമയത്തിനുള്ളിൽ ചാന്നാർ ചെറുക്കൻ ഉറക്കത്തിൽ നിന്നെന്നപോലെ പാമ്പിൻവിഷത്തിന്റെ മയക്കത്തിൽ നിന്നുണർന്ന് എണീറ്റുനടന്നു. അവന്റെ അമ്മയും അപ്പനും അവനെ കെട്ടിപ്പുണർന്നു ചുംബിച്ചു.

അന്തോനിയുടെ കാരുണ്യം ബാലചികിത്സയിലും മൃഗചികിത്സയിലുമായിരുന്നു. കാട്ടിലെ പച്ചപ്പുല്ലുകളും തണ്ടുകളും കിഴങ്ങുകളും അരച്ചുചേർത്ത ഒറ്റമൂലികൊണ്ടായിരുന്നു ചികിത്സ. മണത്തും രുചിച്ചുമാണ് അവ ശേഖരിക്കുക. അക്കാലത്തു മഞ്ഞപ്പിത്തം പോലുള്ള മഹാരോഗങ്ങൾക്ക് മൂന്നുനേരം കിഴുകാനെല്ലി പാലിൽ അരച്ചുകൊടുത്താൽ മൂന്നാം പക്കം രോഗവിമുക്തി അച്ചട്ടായിരുന്നു. സൗജന്യമായി ജാതിമതഭേദമെന്യേ ഗ്രാമത്തിലും അടുത്ത പ്രദേശങ്ങളിലും അന്തോനി ആ കാരുണ്യം ചൊരിഞ്ഞു.

മർമ്മാണി വിദ്യയിലും ചുവടുവെച്ച അഭ്യാസ വിദ്യയിലും അന്തോനിക്കു ഏറെ പാണ്ഡിത്യമുണ്ടായിരുന്നു. എതിരാളിയെ കൺകെട്ടി നിശ്ചലനാക്കി മർമ്മസ്ഥാനങ്ങളിൽ അടിച്ചുവീഴ്ത്തുന്ന അഭ്യാസ മുറ അക്കാലത്ത് അധികംപേർക്ക് അറിവില്ലായിരുന്നു.

പാണ്ടിയിൽ നിന്ന് പരദേശിയായി എത്തിയ നാടോടിവൈദ്യനിൽ നിന്നാണ് ഈ അഭ്യാസങ്ങളൊക്കെ വശമാക്കിയത്.

മുടിയും താടിയും ജടപിടിച്ച്, കാവിവസ്ത്രങ്ങൾ ചുറ്റി, രുദ്രാക്ഷം ധരിച്ചെത്തിയതാണ് കുപ്പുസാമി എന്ന സിദ്ധൻ. അന്നവും പാർപ്പിടവും തേടി അലഞ്ഞു. അയാളെ അന്തോനി പണിപ്പുരയിൽ പാർപ്പിച്ചു. ആശ്രിതനാക്കി. അയാളുടെ പക്കൽനിന്ന് വിദ്യകളൊക്കെ അഭ്യസിച്ചു.

ഒടുവിൽ കൊച്ചീ സംസ്ഥാനം വിട്ടോടുമ്പോൾ കുപ്പുസ്വാമിയും അനുഗമിച്ചു. തിരുവിതാംകൂറിലെത്തി. ഏറെക്കാലം ചെല്ലുംമുമ്പ് കുപ്പുസാമി ചത്തു. അമ്പത്തഞ്ചാം വയസ്സിൽ.

ഒരു ജ്വരം പിടിപെട്ടു. അന്തോനി ആയവിധം ചികിത്സിച്ചു. തളംവെച്ച് ധാരകോരി കഷായം വെച്ച് കുടിപ്പിച്ചു. കുപ്പുസാമി രക്ഷപ്പെട്ടില്ല.

അന്തോനിയുടെ കാലം സുഭിക്ഷമായിരുന്നു. ഗ്രാമത്തിലും അടുത്ത ഗ്രാമത്തിലും അദ്ദേഹം പ്രസിദ്ധനായി.

അദ്ദേഹത്തിന്റെ ആടുമാടുകൾക്കും കുട്ടികൾക്കുമുള്ള ചികിത്സ അച്ചട്ടായി. സോളമനെപ്പോളെ അദ്ദേഹം നീതിന്യായത്തിൽ ദൃഷ്ടിയുള്ളവനായിരുന്നു. നീതിക്കു നിരക്കാത്തതൊക്കെ എതിർത്തു. അമർച്ച ചെയ്തു. ഹിന്ദുക്കും മുസൽമാൻമാരും അദ്ദേഹത്തെ അച്ചനെന്നു വിളിച്ച് ആദരിച്ചു.

(തുടരും.........)